# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 574 28/09/2016-ൽ മറുപടിയ്ക്ക്

## ആദിവാസി ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) ആദിവാസി ക്ഷേമത്തിനായി തേനീച്ച വളർത്തൽ, ഔഷധ-സുഗന്ധച്ചെടി കൃഷി എന്നിങ്ങനെ രണ്ടു പദ്ധതികൾക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ടോ ; | എ) ആദിവാസി ക്ഷേമത്തിനായി തേനീച്ച വളർത്തൽ, ഔഷധ-സുഗന്ധച്ചെടികൃഷി എന്നിങ്ങനെ രണ്ടു പദ്ധതികൾക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്താണെന്നും പദ്ധതിയിലൂടെ വനം വകുപ്പ് ലക്ഷ്യം വെക്കുന്നതെന്താണെന്നും വ്യക്തമാക്കുമോ; | ബി) ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനവും, ജീവനോപാധിയും ലക്ഷ്യമിട്ടുകൊണ്ടാണ് കേരളത്തിലെ വിവിധ ട്രൈബൽ സെറ്റിൽമെന്റുകളിൽ തേനീച്ച വളർത്തലും ഔഷധ സുഗന്ധസസ്യ കൃഷിയും തുടക്കമിട്ടിരിക്കുന്നത് . .<br>തേനീച്ച കൃഷിയുടെയും, ഔഷധ സസ്യങ്ങളുടെയും വിപണന സാധ്യത വർദ്ധിച്ച് വരുന്ന ഈ കാലയളവിൽ കുറഞ്ഞ മുതൽ മുടക്കും, കൂടുതൽ വരുമാനം നൽകുന്നതും കുറഞ്ഞ പരിചരണവും മാത്രം ആവശ്യമുള്ള ഈ സംരംഭം വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസികൾക്ക് ഒരു വരുമാന മാർഗ്ഗം തന്നെയാണ്. ഈ രണ്ട് പദ്ധതികളും പൈലറ്റ് പദ്ധതി എന്ന നിലയ്ക്കാണ് തുടക്കമിട്ടിരിക്കുന്നത്. |

ആയത് വിജയകരമായാൽ തുടർന്ന് കേരളത്തിലെ എല്ലാ ആദിവാസി സെറ്റിൽമെന്റുകളിലേക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

8 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ് തേനീച്ച വളർത്തൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ഔഷധസസ്യ കൃഷി നടപ്പാക്കാനുദ്ദേശിക്കുന്നത് 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ്

വനം വകുപ്പ് കേരളാ ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ചാണ് തേനീച്ച വളർത്തൽ പദ്ധതി നടപ്പാക്കുന്നത്. തേനീച്ചക്കൂടുകൾ സ്ഥാപിക്കുന്നതും ട്രെയിനിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക സഹായം നൽകുന്നതും കേരള ഹോർട്ടികൾച്ചർ മിഷനാണ്. എന്നാൽ ഔഷധ സസ്യ കൃഷി നടപ്പിലാക്കുന്നത് കേരള വനം വകുപ്പ് സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡും, നാഷണൽ മിഷൻ ഫോർ മെഡിസിനൽ പ്ലാന്റുമായി സഹകരിച്ചാണ്.

വനം വകുപ്പിൽ ലഭ്യമായിട്ടുള്ള ഫണ്ട് ഉപയോഗിച്ചാണ് ടി സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഏകദേശം 20 ലക്ഷം രൂപയാണ് മേൽ പൈലറ്റ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചിലവ്.

| | | | |
|---|---|---|---|
| സി) | പദ്ധതി എത്ര കേന്ദ്രങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; ആ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ 8 വനം ഡിവിഷന് കീഴിലുള്ള 10 സെറ്റിൽമെന്റുകളിലാണ് തേനീച്ച വളർത്തൽ നടപ്പാക്കാനുദ്ദേശിക്കുന്നത്. ആ കേന്ദ്രങ്ങൾ താഴെപ്പറയുന്നു. |

| ക്രമ നമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | സൗത്ത് വയനാട് | കാരിമല |
| 2 | നോർത്ത വയനാട് | ചുരുളി |
| 3 | മണ്ണാർക്കാട് | സിംഗപ്പാറ, ഇടവാണി |
| 4 | തൃശ്ശൂർ | താമരവെള്ളച്ചാൽ |
| 5 | വാഴച്ചാൽ | പൊകലപ്പാറ |
| 6 | കോട്ടയം | കോഴിമല, മുരിക്കാട്ട്കുടി |
| 7 | അച്ചൻകോവിൽ | ഗിരിജൻ കോളനി |
| 8 | കോന്നി | ഗിരിജൻ കോളനി |

കേരളത്തിലെ 9 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലാണ് ഔഷധ സസ്യകൃഷി നടപ്പാക്കാനുദ്ദേശിക്കുന്ന ആ കേന്ദ്രങ്ങൾ താഴെപ്പറയുന്നു

| ക്രമനമ്പർ | വനം ഡിവിഷൻ | സെറ്റിൽമെന്റ് |
|---|---|---|
| 1 | കണ്ണൂർ | ചിക്കേരി ബീറ്റ്-5 |
| 2 | തിരുവനന്തപുരം | ഒറ്റപ്പപാറ |
| 3 | തിരുവനന്തപുരം വന്യജീവി ഡിവിഷൻ | മൊളമുട |
| 4 | തെന്മല | പേരംകോവിൽ |
| 5 | പീച്ചി വന്യജീവി ഡിവിഷൻ | താമരവെള്ളച്ചാൽ |
| 6 | മലയാറ്റൂർ | അടിച്ചിൽകൊട്ടി |
| 7 | മൂന്നാർ | നെല്ലിപെട്ടിക്കുടി, പ്ളാമല |
| 8 | പാലക്കാട് | ചാവടിപ്പാറ |
| 9 | വയനാട് നോർത്ത് | ചുരുളി |

സെക്ഷൻ ഓഫീസർ